"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന് വേണ്ടി തയ്യാറാക്കിയ ഔദ്യോഗിക ലോഗോ ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**426/2025/P&EA** തീയതി,തിരുവനന്തപുരം, **10-10-2025**

---

പരാമർശം:- സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ **16/05/2023, 29/05/2025, 20/08/2025** എന്നീ തീയതികളിലെ ഡിഇഎസ്/**2823/2022-COMP1** നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

സംസ്ഥാനത്തിന്റെ ഔദ്യോഗിക സ്ഥിതിവിവരകണക്കുകൾ കൈകാര്യം ചെയ്യുന്ന നോഡൽ ഏജൻസിയായ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ടുകൾ, വകുപ്പിൽ നിന്നും തയ്യാറാക്കുന്ന കത്തുകൾ എന്നിവയിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പിന് സ്വന്തമായി ഒരു ലോഗോ ആവശ്യമാണെന്നും ഇതിനായി തയ്യാറാക്കിയ ഔദ്യോഗിക ലോഗോയുടെ മാതൃക കേരള സർക്കാർ മുദ്രയോടൊപ്പം വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ, വകുപ്പിൽ നിന്നും തയ്യാറാക്കുന്ന കത്തുകൾ എന്നിവയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണമെന്നും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ പരാമർശത്തിലെ **16.05.2023** ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**2. 26.05.2025**-ലെ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിനു വേണ്ടി തയ്യാറാക്കിയ ഔദ്യോഗിക ലോഗോ സംബന്ധിച്ച വിഷയം വിശദമായി പരിശോധിച്ചുവെന്നും **1950**-ലെ **THE EMBLEMS AND NAMES (PREVENTION OF IMPROPER USE) ACT**, അനുശാസിക്കുന്ന പ്രകാരമാണ് പ്രസ്തുത ലോഗോ തയ്യാറാക്കിയിട്ടുള്ളതെന്ന് വിലയിരുത്തിയെന്നും പ്രസ്തുത **ACT**"-ന്റെ **Schedule**- ൽ പരാമർശിക്കുന്ന **EMBLEMS**-മായി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് തയ്യാറാക്കിയ ലോഗോയ്ക്ക് യാതൊരു സാമ്യവും ഇല്ലായെന്നും ആയതിനാൽ

വകുപ്പിന് വേണ്ടി തയ്യാറാക്കിയ ഔദ്യോഗിക ലോഗോ ഉപയോഗിക്കുന്നതിന് അനുമതി നൽണമെന്നും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ പരാമർശത്തിലെ **29.05.2025** ലെ കത്ത് പ്രകാരം വീണ്ടും അഭ്യർത്ഥിക്കുകയുണ്ടായി

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഔദ്യോഗിക സ്ഥിതിവിവരകണക്കുകൾ കൈകാര്യം ചെയ്യുന്ന നോഡൽ ഏജൻസിയായ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ ലോഗോ, **trade** ആവശ്യത്തിനുള്ളതല്ല എന്നതിനാൽ സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് വകുപ്പിൽ നിന്നും പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ടുകൾ, വകുപ്പിന്റെ മറ്റ് ഔദ്യോഗിക രേഖകൾ എന്നിവയിൽ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന ലോഗോ ഔദ്യോഗിക ലോഗോയായി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
3. നിയമ (ഉപദേശ-ഡി) വകുപ്പ് (**OPN-D3/103/2023-LAW** തീയതി **09.08.2023** പ്രകാരം)
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

## ലോഗോ

## ആശയം

1. കേരളത്തിലെ പ്രധാന നാണ്യവിളയായ തെങ്ങും, നെല്ലും രണ്ട് വശങ്ങളിൽ കാണുന്നു.
2. കേരളത്തിലെ കര ഭൂമി, വീടും പരിസരവും, റോഡുകൾ, പുഴകൾ, നിലം ഭൂമി, മലനിരകൾ എന്നിവയെ പ്രതിനിധാനം ചെയ്യുന്ന ചിത്രീകരണം.
3. കേരളത്തിന്റെ സഹ്യപർവ്വതം Bar Chart രൂപത്തിൽ നൽകിയിരിക്കുന്നു.
4. ഉദിച്ചു വരുന്ന സൂര്യനെ ഇന്ത്യൻ നാണയത്തിന്റെ രൂപത്തിൽ ചിത്രീകരിച്ചിരിക്കുന്നു.
5. Growth Arrow കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ സൂചിപ്പിക്കുന്നു.